II ഇ.ബി. XII- കേരള നിയമസഭ/X-4

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2009 ഫെബ്രുവരി 24, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9(*91) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം 11 പുതിയ റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് 278 തസ്തികകൾ പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ടന്ന് സഭയെ അറിയിച്ചു. തൃശൂരിൽ പ്രവർത്തനം ആരംഭിച്ച എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള കായികപരിശീലനം തൃശൂർ പോലീസ് അക്കാഡമിയിൽ നടന്നുവരുന്നു. എക്സൈസ് സർക്കിൾ ഓഫീസുകൾ വരെയുള്ള ആഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിനുമേൽ പഴക്കംചെന്ന വാഹനങ്ങൾ മാറ്റി 94 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങി വിവിധ ഓഫീസുകൾക്ക് അനുവദിക്കുകയും അവശേഷിക്കുന്ന വാഹനങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. വ്യാജമദ്യം, മയക്കുമരുന്ന്, സ്പിരിറ്റ് എന്നിവയുടെ കടത്ത് തടയുന്നതിലേയ്ക്കായി അതിർത്തി പ്രദേശങ്ങൾ ഉൾപ്പെട്ട ജില്ലകളിൽ മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ ഏർപ്പെടുത്തി. ജനകീയ പങ്കാളിത്തത്തോടെ വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉൽപ്പാദനം, വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാന, ജില്ലാ, താലൂക്ക്, പഞ്ചായത്ത് തല സമിതികൾ രൂപികരിച്ച് എൻഫോഴ്സ്മെന്റ് പ്രർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് ആസ്ഥാന മന്ദിരം പ്രർത്തനം ആരംഭിക്കുകയും സ്വന്തമായി കെട്ടിടമില്ലാത്ത ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ആയുധ പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് 8 മേജർ ചെക്ക് പോസ്റ്റുകളും 21 മൈനർ ചെക്ക്പോസ്റ്റുകളുമാണുള്ളത്. ഈ ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കുറ്റമറ്റതാക്കുന്നതിലേയ്ക്കായി മേജർ ചെക്ക് പോസ്റ്റുകളുടെ ചുമതല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിലാക്കുകയും ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസു

കളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നൽകുകയും ചെയ്തു. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെയും മാജിക് അക്കാഡമിയുടേയും ആഭിമുഖ്യത്തിൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ബാധവൽക്കണ പരിപാടികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു. കഴിഞ്ഞ ക്രിസ്തുമസ് നവവൽസര ആഘോഷവേളയിൽ സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവിൽപ്പനയും തടയുന്നതിന് പ്രത്യേക മുൻകരുതൽ നടപടികൾ എടുക്കുകയും 1-12-2008 മുതൽ 5-1-2009 വരെയുള്ള കാലയളവിനെ സ്പെഷ്യൽ ഡ്രൈവ് പീരിഡ് ആയി പ്രഖ്യാപിക്കുകയും ആ സമയത്ത് കർശന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുമസ് പുതുവത്സരാഘോഷ കാലയളവിൽ ഉണ്ടായേക്കാവുന്ന വ്യാജ മദ്യത്തിന്റെ ഉൽപ്പാദനം, ശേഖരണം, വിതരണം മുതലായവ തടയുന്നതിനായി സംസ്ഥാനത്തെ എക്സൈസ് ഉന്നത ഉദ്യോഗസ്ഥർക്ക് എൻഫോഴ്സ്മെന്റ് തലത്തിൽ മുൻഒരുക്കങ്ങൾ നടത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എല്ലാ ഡിവിഷൻ ആഫീസുകളിലും ഈ കാലയളവിൽ ഒരു എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പാർട്ടിയും എല്ലാ ഡിവിഷനുകളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടിയും എല്ലാ സർക്കിൾ ഓഫീസുകളിലും ഒരു എക്സൈസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് എക്സൈസ്

ഇൻപെക്ടറുടെ നേതൃത്വത്തിലുള്ള താലൂക്ക് കൺട്രോൾ റും പാർട്ടിയും പ്രവർത്തിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ശേഖരിക്കുന്നതിനായി എല്ലാ റെയ്ഞ്ച് ഓഫീസുകളിലും രണ്ടുപേരിൽ കുറയാത്ത ഇന്റലിജന്റ്സ് ടീം രൂപീകരിച്ചി ട്ടുണ്ട്. ജില്ല/താലൂക്ക് ജനകീയ സമിതികൾ ഈ കാലയളവിൽ യഥാസമയം വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. പഞ്ചായത്ത്/വില്ലേജ് ജീവനക്കാർ, സർക്കാർ/ സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്തി പ്രവർത്തിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തുടർച്ചയായി പരിശോധിച്ച് വ്യാജ വസ്തുക്കൾ വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തണമെന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരി ശോധനയ്ക്ക് അയയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സംശയാസ്പ ദമായ പ്രദേശങ്ങളിലും അതിർത്തി പ്രദേശങ്ങളിലും തുടർച്ചയായി പട്രോളിംഗ് നടത്തിയിരുന്നു. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമായി നടത്തണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു. നാഷണൽ/സ്റ്റേറ്റ്/മറ്റു പ്രധാനപ്പെട്ട റോഡുകളിൽ രാത്രികാല പട്രോളിംഗ് ശക്തമായി നടത്തണമെന്നും നിയമപ്രകാരമുള്ള മുൻകൂർ നടപടികൾ എടുക്കണമെന്നും പോലീസ്, ഫോറസ്റ്റ്, റവന്യൂ മുതലായ വകുപ്പുകൾ സംയുക്തമായി റെയ്ഡുകൾ നടത്തണമെന്നും നിർദ്ദേശം നൽകിയിരുന്നു. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കുകയും പലിശ ഇളവ് അനുവദിച്ചുകൊണ്ട് 12.77 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ആംനെസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിക്കൊണ്ട് കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ പി.എഫ്. കുടിശ്ശികയുടെ കാര്യത്തിൽ

ഇളവ് അനുവദിക്കണമെന്ന് ക്ഷേമനിധി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ വേക്കൻസി വരുന്ന മുറയ്ക്ക് വനിതകളെ എക്സൈസ് ഗാർഡുമാരായി റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എക്സൈസ് വകുപ്പിലെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതാണ്. അബ്കാരി കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനായി അബ്കാരി കുറ്റങ്ങളെ വലിയ കുറ്റങ്ങൾ, താരതമ്യേന ചെറിയ കുറ്റങ്ങൾ എന്ന് വേർതിരിക്കാനായി നിയമ ഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കള്ളിൽ മായം ചേർക്കുന്നുണ്ടോ എന്നു പരിശോധിക്കാനായി നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മധുരക്കള്ള് ഉൽപ്പാദനത്തിനായി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് അംഗീകാരം നൽകുന്നുണ്ട്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്ന ഷാപ്പുകൾ തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ പുന:സ്ഥാപിച്ചതിനെത്തുടർന്ന് 5214 ഷാപ്പുകൾ ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യാജമദ്യം തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കുറഞ്ഞ വിലയ്ക്കുള്ള മദ്യം ഉൽപ്പാദിപ്പിക്കാനായി ‘ചിപ്കോസ്’ എന്ന സ്ഥാപനത്തെ എക്സൈസ് വകുപ്പിന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജെ.ലളിതാംബിക അദ്ധ്യക്ഷയായ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് നിയമമാക്കി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

10 (*92) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, പണി നടന്നുവന്ന വൈദ്യുതി പദ്ധതികൾ ത്വരിതപ്പെടുത്തുകയും പുതിയ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്ത് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് സഭയെ അറിയിച്ചു. അതിന്റെ ഭാഗമായി കുറ്റ്യാടി ടെയിൽ റേസ് (3.75 മെഗാവാട്ട്), നേര്യമംഗലം എക്സ്റ്റൻഷൻ (25 മെഗാവാട്ട്) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തു. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്) 2009 മെയ് മാസത്തിൽ പൂർത്തിയാക്കും. പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), റാന്നി പെരുന്നാട് (4 മെഗാവാട്ട്) എന്നീ പദ്ധതികളുടെ പണി തുടങ്ങി. പൂഴിത്തോട് (4.8 മെഗാവാട്ട്), ചെങ്കുളം ഓഗ്മെന്റേഷൻ എന്നിവ ഉടൻ പണിയാരംഭിക്കും. അതിരപ്പിള്ളി (163 മെഗാവാട്ട്) പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടി ടെണ്ടർ ചെയ്തെങ്കിലും ഹൈക്കോടതിയിൽ കേസ്സ് വന്നതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. 132 മെഗാവാട്ടിന്റെ 11 പദ്ധതികൾ ഉടൻ ടെണ്ടർ ചെയ്യാൻ കഴിയും. 300 മെഗാവാട്ടിന്റെ 21 പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്; ഇത് കൂടാതെ 500 മെഗാവാട്ടോളം വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാരമ്പര്യേതര ഊർജ്ജ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് കാറ്റിൽ നിന്ന് വൈദ്യുതി

ഉൽപാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതിന്റെ ഭാഗമായി പാലക്കാട് അട്ടപ്പാടിയിലും, ഇടുക്കി രാമക്കൽമേട്ടിലുമായി 33.3 മെഗാവാട്ട് വൈദ്യുതി കാറ്റാടി നിലയങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ചു. വരുന്ന 2 വർഷത്തിനുള്ളിൽ കുറഞ്ഞത് 100 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. സ്വകാര്യ മേഖലയിലെ വൈദ്യുതി ഉൽപാദനത്തിനും പ്രോൽസാഹനം നൽകി പാലക്കാട് സ്വകാര്യ വ്യവസായ സ്ഥാപനത്തോടനുബന്ധിച്ച് 10 മെഗാവാട്ട് ക്യാപ്റ്റീവ്-കോ ജനറേഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. പത്തനംതിട്ട ജില്ലയിൽ സ്വകാര്യ മേഖലയിൽ അള്ളുങ്കൽ ജലവൈദ്യുതി പദ്ധതി (7 മെഗാവാട്ട്) കമ്മീഷൻ ചെയ്തു. കാരിക്കയം (15 മെഗാവാട്ട്), ഇരുട്ടുക്കാനം ( 3 മെഗാവാട്ട്) എന്നിവയുടെ പണി നടക്കുകയാണ്. കേരളത്തിന് ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം ഒറീസ്സയിലെ ബൈതരണിയിൽ ഒരു കൽക്കരിപ്പാടം കേന്ദ്ര സർക്കാർ അനുവദിച്ചു. ഇവിടെ നിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള കൽക്കരി കേരളത്തിന് കിട്ടും. ഇതിനാവശ്യമായ ഖനന കമ്പനി രൂപീകരിച്ചു; നടപടികൾ ആരംഭിച്ചു. കാസർഗോഡ് ചീമേനിയിൽ 2400 മെഗാവാട്ടിന്റെ ഒരു സൂപ്പർ താപനിലയം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. പദ്ധതിക്കാവശ്യമായ 2000 ഏക്കർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും ചേർന്ന് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി രൂപീകരിച്ചശേഷം സെൻട്രൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ടെക്നോ ഇക്കണോമിക് ക്ളിയറൻസും പരിസ്ഥിതി ക്ളിയറൻസും കിട്ടിയശേഷം ആഗോള ടെണ്ടർ വിളിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതികളിലൂടെ 10 വർഷത്തിനുള്ളിൽ 4000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും. ഈ സർക്കാരിന്റെ കാലയളവിൽ 500 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമി ട്ടിരിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 80 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് മൊത്തം പന്ത്രണ്ടര ലക്ഷത്തോളം പുതിയ കണക്ഷനുകൾ നൽകുകയും പുതിയ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുകയും പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 2005-06 ൽ 37.69 മില്യൺ യൂണിറ്റായിരുന്നത് 2007-08 ൽ 41.59 മില്യൺ യൂണിറ്റായി വർദ്ധിച്ചു. കൂടംകുളം താപവൈദ്യുത നിലയം, നെയ്‌വേലി ലിഗ്നൈറ്റ് എക്സ്പാൻഷൻ പദ്ധതി, തമിഴ്നാട് വള്ളൂർ താപനിലയം, ആന്ധ്രാപ്രദേശിലെ സിംഹാദ്രി, കർണ്ണാടകയിലെ കൈഗ - അങ്ങനെ 696 മെഗാവാട്ടിന്റെ പദ്ധതിക്കായി കേന്ദ്ര സർക്കാരുമായി ചേർന്ന് പി.പി.എ. (പവർ പർച്ചേസ് എഗ്രിമെന്റ്) ഒപ്പുവച്ചു. കൈഗയിൽ നിന്ന് 33 മെഗാവാട്ട് വൈദ്യുതി ഇപ്പോൾത്തന്നെ കിട്ടുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ നവീകരണം സംബന്ധിച്ച് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ആർ.എൽ.എ (റെസിഡ്യുവൽ ലൈഫ് അസ്സസ്മെന്റ്) നടത്തി നോട്ടിഫൈ ചെയ്യുന്നത് അനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച്

പള്ളിവാസൽ-പന്നിയാർ-ചെങ്കുളം പദ്ധതികളുടേയും ശബരി-നേരിയമംഗലം പദ്ധതികളുടേയും നവീകരണം പത്താം പഞ്ചവൽസര പദ്ധതിക്കാലത്തും പെരിങ്ങൽകുത്ത്-ഷോളയാർ 11-ാം പദ്ധതിക്കാലത്തും ഇരിട്ടി-കുറ്റ്യാടി 12-ാം പഞ്ചവൽസര പദ്ധതിക്കാലത്തും നടത്തുന്നതാണ്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 100 മെഗാവാട്ടിന്റെ പണി മേയ് മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. ട്രാൻസ്മിഷൻ ലോസ് 21 ശതമാനത്തിൽ നിന്ന് 15 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാനായി 1800 കോടി രൂപ ചെലവിൽ ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്; കൂടാതെ വൈദ്യുതിയുടെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി സി.എഫ്.എൽ. സാർവ്വത്രികമാക്കാനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും സൗജന്യമായി സി.എഫ്.എൽ. വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിക്ക് ആവശ്യമായ വൈദ്യുതിക്കുവേണ്ടി പാലക്കാട് പുതുശ്ശേരി വ്യവസായ മേഖലയിൽ 400 കെ.വി. സബ്സ്റ്റേഷന്റെ പണി തുടങ്ങാനായി ടെണ്ടർ നടപടി ആരംഭിച്ചുകഴിഞ്ഞു. ഇരിട്ടി, പേരാവൂർ എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി ആരംഭിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ പണി ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

11 (*93) <u>ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ്കുട്ടി) നൽകിയ മറുപടിയിൽ, ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതി പ്രകാരം തിരുവനന്തപുരം നഗര

സഭയ്ക്ക് ഏഴായിരത്തി നാന്നൂറ്റി പതിനാറ് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപയുടെ സിറ്റി ഡെവലപ്മെന്റ് പ്ലാനും കൊച്ചി നഗരസഭയ്ക്ക് പതിനായിരത്തി തൊളളായിരത്തി അമ്പത്തിമൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപയുടെ സിറ്റി ഡെലവപ്മെന്റ് പ്ലാനും തയ്യാറാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിൽ തിരുവനന്തപുരം നഗരസഭയുടെ എഴുന്നൂറ്റി അമ്പത് കോടി എൺപത്തി ഏഴ് ലക്ഷം രൂപയുടെ പദ്ധതികളും കൊച്ചി നഗരസഭയുടെ എഴുന്നൂറ്റി ഇരുപത്തി മൂന്ന് കോടി പതിനാല് ലക്ഷം രൂപയുടെ പദ്ധതികളുമുൾപ്പെടെ ആകെ 1474.01 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ ഉപരിതല ജല നിർഗ്ഗമന പദ്ധതിയും ദ്രവമാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ രണ്ടാം ഘട്ടവും ഒഴികെയുളള എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയും നടപ്പുസാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കാൻ കഴിയും. ആദ്യഘട്ടത്തിൽ അനുവദിക്കപ്പെട്ട പദ്ധതികളുടെ മുഴുവൻ അംഗീകാരവും നേടിയെടുത്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി വരുന്ന പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ച് അതാത് സമയത്ത് തന്നെ അംഗീകാരം വാങ്ങുന്നുണ്ട്. . ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ കരാറുകാരെ കിട്ടാത്തതും ടെണ്ടർ എക്സ്സസ് വരുന്നതും ഭൂമി എടുക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ റവന്യൂ-ഇറിഗേഷൻ വകുപ്പുമന്ത്രിമാരുൾപ്പെടെയുളളവരുടെ യോഗം നാലഞ്ച് തവണ ചേർന്നിട്ടുണ്ട്. കൊച്ചി നഗരസഭയുടെ ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പദ്ധതി ഒഴികെയുളള മറ്റ് പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. കൊച്ചിയുടെ ഗതാഗതപ്രശ്നം പരിഹരി

ക്കുന്നതിന് ആവശ്യമായ ഫ്ളൈ ഓവറുകളും റോഡുകളും നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ സൗകര്യങ്ങളൊരുക്കി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽപ്പെടുത്തി കോർപ്പറേഷനും കെ.എസ്.ആർ.ടി.സ.യും സംയുക്തമായി ആരംഭിക്കുന്ന ബസ് സർവ്വീസിന് അടുത്ത ദിവസമാണ് അംഗീകാരം കിട്ടിയത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നഗരസഭയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തക്കസമയത്ത് പദ്ധതികൾ സമർപ്പിക്കാനായി സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ്ധ സമിതികളെ ഏർപ്പെടുത്തിയിട്ടുണ്ട്. അടച്ചുപൂട്ടിയ സ്ലാട്ടർ ഹൗസുകൾ നവീകരിച്ച് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 826 മുതൽ 1104 വരെയുള്ള ചോദ്യങ്ങളിൽ 266 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)